# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 776 — 05.06.2018 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) നിലവിൽ ഏതെല്ലാം കേന്ദ്ര ങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | ബി) നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തന ങ്ങൾ നടന്നു വന്നിരുന്ന കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവയ്ക്കു പുറമേ പുതുതായി താഴെ പറയുന്ന പ്രദേശങ്ങളിൽക്കൂടി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.<br>1. ധർമ്മടം<br>2. വർക്കല<br>3. പൂവാർ<br>4. അഷ്ടമുടി<br>5. വൈക്കം- പെപ്പർ ടൂറിസം പദ്ധതിപ്രദേശം<br>6. ആലപ്പുഴ<br>7. മുഹമ്മ<br>8. ഫോർട്ട് കൊച്ചി<br>9. നിള ടൂറിസം പ്രദേശം<br>10. ഉത്തര മലബാർ റിവർ ക്രൂയിസ് സർക്യൂട്ട്<br>11. ജലായനം പ്രോജക്റ്റ് എരിയ (കോഴിക്കോട്)<br>ഇതിൽ വൈക്കം - പെപ്പർ ടൂറിസം പദ്ധതി പ്രദേശം, ആലപ്പുഴ മുഹമ്മ, ഫോർട്ട് കൊച്ചി, ധർമ്മടം, വർക്കല, പൂവാർ എന്നിവിട |

ങ്ങളിലെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കും. ഇതിന് പുറമെ താഴെ പ്പറയുന്ന മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതിയും ആരംഭിക്കുന്നുണ്ട്.

**മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ - പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ.**

1. വലിയപറമ്പ
2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാറ്റൂൾ പഞ്ചായത്ത് ദ്വീപ്)
6 ഏഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി
10. പെരുവെമ്പ്
11. വെള്ളിനേഴി
12 കാന്തല്ലൂർ
13. ഒളവണ്ണ.

സി) പ്രസ്തുത പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

സി) പ്രസ്തുത പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ഡി) എങ്കിൽ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഡി) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പ് വരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദസഞ്ചാര നയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയുമായ നിർവഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ

ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ജനകീയവും ഉത്തര വാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തര വാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധ ശിൽപ ശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്കു തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത കേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുന്നതിനു ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. എല്ലാ ടൂറിസം അക്കോമൊഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുക, ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക

ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്ന ശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവ യെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

സെക്ഷൻ ഓഫീസർ.